## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 912 01.03.2017 ൽ മറുപടിക്ക്

### ചേലക്കര മണ്ഡലത്തിൽ അനുഭവപ്പെടുന്ന വരൾച്ച

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.യു. ആർ. പ്രദീപ്: | മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ ചേലക്കര മണ്ഡലത്തിൽ അനുഭവപ്പെടുന്ന വരൾച്ചയും ശുദ്ധജലക്ഷാമവും കണക്കിലെടുത്ത് കേരള വാട്ടർ അതോറിറ്റി എന്തെല്ലാം മുൻകരുതലുകളും നടപടികളും ആണ് സ്വീകരിച്ചിട്ടുള്ളത് ; | എ ചേലക്കര നിയോജക മണ്ഡലത്തിൽ 12 പദ്ധതികൾ പ്രവർത്തിക്കുന്നതിൽ 5 പദ്ധതികളുടേയും സ്രോതസ്സായ ഭാരതപ്പുഴ വരണ്ടതോടെ ടി പദ്ധതികൾ പ്രതിസന്ധിയിലാണ്. ഇവിടെ ഈ പദ്ധതികൾ വഴി ഇപ്പോൾ വിതരണം ചെയ്യുവാൻ കഴിയുന്നത് 8.83 ദശലക്ഷം ലിറ്റർ ജലം മാത്രമാണ്. വരൾച്ചയെ നേരിടാൻ താഴെ പറയുന്ന പോംവഴികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. കിണർ വൃത്തിയാക്കൽ - 4 എണ്ണം<br>2. പമ്പ് സെറ്റുകളുടെ അറ്റകുറ്റ പണികൾ - 4 എണ്ണം<br>3. സ്റ്റാൻഡ് ബൈ പമ്പ് - മേച്ചേരിക്കടവിൽ സ്ഥാപിക്കാൻ - 1 എണ്ണം<br>4. കുഴൽ കിണറുകൾ ഫ്ളഷിംഗ് - 4 എണ്ണം |
| ബി മണ്ഡലത്തിൽ വാട്ടർ അതോറിറ്റിക്ക് എത്ര കുടിവെള്ള പദ്ധതികൾ ഉണ്ട്; അവയുടെ പേരുവിവരം വ്യക്തമാക്കുമോ ; | ബി 12 പദ്ധതികളുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു |
| സി ഇതിൽ പ്രവർത്തന സജ്ജമല്ലാത്ത പദ്ധതികൾ ഉണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം ; | സി ഇല്ല |
| ഡി മോട്ടോറുകൾ കേടുവന്നും, മതിയായ അറ്റകുറ്റപണി നടത്താതെയും പ്രവർത്തന സജ്ജമല്ലാത്ത കുടിവെള്ള പദ്ധതികൾ പ്രവർത്തനക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;വിശദാംശം വ്യക്തമാക്കുമോ ? | ഡി ചേലക്കര മണ്ഡലത്തിലെ 12 കുടിവെള്ള പദ്ധതികളും പ്രവർത്തിച്ച് വരുന്നു. |

Regulla Santha
സെക്ഷൻ ഓഫീസർ

## അനുബന്ധം

| ചേലക്കര നിയോജകമണ്ഡലത്തിലെ നിലവിലുള്ള പദ്ധതിയുടെ വിശദാംശങ്ങൾ | | | | | |
|---|---|---|---|---|---|
| ക്രമ നമ്പർ | തദ്ദേശസ്വയം ഭരണ സ്ഥാപനം | പദ്ധതിയുടെ പേര് | ഉൽപ്പാദിപ്പിക്കുന്ന ജലം (ദശലക്ഷം ലിറ്റർ)(2016) | പൊതുടാപ്പുകളുടെ എണ്ണം | കണക്ഷനുകളുടെ എണ്ണം |
| 1 | തിരുവില്വാമല | തിരുവില്വാമല, കൊണ്ടാഴി വില്ലേജുകൾക്കുവേണ്ടിയുള്ള ത്വരിത ഗ്രാമീണ ശുദ്ധജല പദ്ധതി | 2 | 144 | 1480 |
| 2 | | തിരുവില്വാമല ഗ്രാമീണ ശുദ്ധജല പദ്ധതി | 0.91 | | |
| 3 | കൊണ്ടാഴി | ചേലക്കോട് ഗ്രാമീണ ശുദ്ധജല പദ്ധതി | 0.07 | 150 | 545 |
| 4 | | മായന്നൂർ ഗ്രാമീണ ശുദ്ധജല പദ്ധതി | 0.2 | | |
| 5 | വരവൂർ | വരവൂർ ഗ്രാമീണ ശുദ്ധജല പദ്ധതി | 0.41 | 93 | 0 |
| 6 | ദേശമംഗലം | ദേശമംഗലം ഗ്രാമീണ ശുദ്ധജല പദ്ധതി | 0.44 | 218 | 710 |
| 7 | ചേലക്കര | ചേലക്കര സെൻസസ് ടൗണിലേക്കുള്ള ത്വരിത നഗര ശുദ്ധജല പദ്ധതി | 2 | 406 | 1768 |
| 8 | | പങ്ങാരപ്പിള്ളി ത്വരിത നഗര ശുദ്ധജല പദ്ധതി | 0.6 | | |
| 9 | മുള്ളൂർക്കര | മുള്ളൂർക്കര ഗ്രാമീണ ശുദ്ധജല പദ്ധതി | 0.45 | 163 | 511 |
| 10 | പാഞ്ഞാൾ | പാഞ്ഞാൾ ഗ്രാമീണ ശുദ്ധജല പദ്ധതി | 0.42 | 118 | 902 |
| 11 | വള്ളത്തോൾ നഗർ | ചെറുതുരുത്തി ഗ്രാമീണ ശുദ്ധജല പദ്ധതി | 0.87 | 329 | 1761 |
| 12 | | പന്നിയടി ഗ്രാമീണ ശുദ്ധജല പദ്ധതി | 0.51 | | |

5

Renuka Sankar
സെക്ഷൻ ഓഫീസർ